(ഡി) തൃപ്പൂണിത്തുറ സെൽവൻ ബ്രോയിലേഴ്സിൽ സംസ്ഥാന നികുതിവകുപ്പ് പരിശോധന നടത്തിയിട്ടുണ്ടോ; എങ്കിൽ നികുതി വെട്ടിപ്പ് കണ്ടുപിടിച്ചിട്ടുണ്ടോ; ഇതിന്മേൽ എന്തെല്ലാം മേൽ നടപടി സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) ഇല്ല.

(ബി) എസ്.ആർ.ഒ. 1090/99 പ്രകാരം കേരളത്തിനകത്തുള്ള കോഴി കർഷരുടെയും കോഴി ഹാച്ചറികളുടെയും, കോഴിയുടെയും, കോഴിക്കുഞ്ഞി ന്റെയും വിൽപ്പനയെ വിൽപ്പന നികുതിയിൽനിന്നും പൂർണ്ണമായി ഒഴിവാക്കിയി ട്ടുണ്ട്. എന്നാൽ സംസ്ഥാനത്തിനു പുറത്തുനിന്നു കൊണ്ടുവന്നു വിൽക്കുന്ന കോഴിക്കുഞ്ഞിനും കോഴിക്കും ടാക്സ് ഉണ്ട്.

(സി) പ്രസ്തുത കേസുകളിൽ വിൽപ്പന നികുതി ഇളവ് കേരളത്തിന കത്തുള്ള കർഷകർക്ക് മാത്രമേ ബാധകമാകുകയുള്ളൂ എന്ന് വ്യക്തമാക്കുക യുണ്ടായി. സംസ്ഥാനത്തിനു പുറത്തുനിന്നു കൊണ്ടുവന്നു വിൽക്കുന്ന കോഴിക്ക് ടാക്സ് വരുമെന്ന് ഒ.പി.നം.-4082/92 എന്ന കേസിൽ ഹൈക്കോടതി വിധിക്കുകയുണ്ടായി.

(ഡി) പരിശോധന നടത്തിയിട്ടുണ്ട്. പരിശോധനയിൽ കേരളത്തിനു പുറത്തുനിന്നു കൊണ്ടുവന്ന കോഴികളെ വിൽപ്പന നടത്തിയതായി കണ്ടെ ത്തി. വിൽപ്പന നികുതി വിധേയമായ ഇടപാടുകൾക്ക് അനർഹമായ നികുതി യൊഴിവ് അവകാശപ്പെടുകയാണെന്ന് പ്രസ്തുത വ്യാപാരി സമ്മതിച്ചതിന്റെ അടിസ്ഥാനത്തിൽ വിൽപ്പന നികുതി നിയമപ്രകാരം ഈടാക്കാവുന്ന പരമാ വധി കോംപൗണ്ടിംഗ് ഫീസായ ഒരു ലക്ഷം രൂപ ഈടാക്കുകയും ചെയ്തി ട്ടുണ്ട്.

29 (1070) നികുതി-നികുതിയിതര വരുമാനം

ശ്രീ. ആര്യാടൻ മുഹമ്മദ് :

ശ്രീ. പി.പി. തങ്കച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1999-2000 സാമ്പത്തിക വർഷത്തിൽ നികുതിയിനത്തിലും നികുതിയിതര ഇനത്തിലും എത്ര വരുമാനമാണ് പ്രതീക്ഷിച്ചത്;

(ബി) റിവൈസ്ഡ് എസ്റ്റിമേറ്റ് അനുസരിച്ച് ഇപ്പോൾ ഈ രണ്ടിന ത്തിലും എത്ര തുകയാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) നികുതി വരുമാനം 7905.49 കോടി രൂപയും നികുതിയിതര വരു മാനം 771.14 കോടി രൂപയുമായാണ് പ്രതീക്ഷിച്ചത്.

(ബി) 1999-2000 ലെ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി കഴിഞ്ഞിട്ടില്ല.

30 (1071) ട്രഷറി വകുപ്പിൽ സൂപ്പർവൈസറി തസ്തികകൾ സൃഷ്ടിക്കാൻ നടപടി

ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകു പ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly